നമ്പർ 25/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

പ. സഭയുടെ ഒരു തീർത്ഥാടന കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പോലീത്താ വലിയ മാർ ദീവന്നാസ്യോസിന്റെ (ആറാം മാർത്തോമ്മാ) 200 -ാം ഓർമ്മ പെരുന്നാൾ ഈ വർഷം ആഘോഷിക്കുകയാണല്ലോ. പ. സഭയെ വൈദേശികാധിപത്യത്തിൽ നിന്നും വീണ്ടെടുത്ത് മാർത്തോമ്മാ പൈതൃകത്തിന്റെ സ്വകീയതയും, സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്നതിന് അക്ഷീണം പോരാടി, ദീർഘനാൾ പ. സഭയെ നയിച്ച ഈ പുണ്യപിതാവിനെ സമുചിതം ആദരിച്ച് അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മ ആഘോഷിക്കേണ്ടത് സഭാ മക്കളുടെ കർത്തവ്യം ആണ്. ചരമവാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ ക്രമീകരിച്ചിരിക്കുകയാണ്. ഫെബ്രുവരി 14 -ാം തീയതി ശനിയാഴ്ച വലിയ മാർ ദീവന്നാസ്യോസ് സ്മാരക സിംപോസിയവും, മാർച്ച് 1 -ാം തീയതി ഞായറാഴ്ച നിരണം വലിയപള്ളിയിൽ നിന്നും ദീവന്നാസ്യോസ് പിതാവിന്റെ ഛായാചിത്രപ്രയാണവും, മാർച്ച് 8 -ാം തീയതി ഞായറാഴ്ച ആഘോഷങ്ങളുടെ സമാപനവും, മാർത്തോമ്മൻ ഭവനത്തിന്റെ താക്കോൽ ദാനവും ക്രമീകരിച്ചിട്ടുണ്ട്. ഈ ആഘോഷ പരിപാടികളിൽ എല്ലാ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികളുടെ പങ്കാളിത്തം നിർബന്ധമായും ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 ജനുവരി മാസം 20 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.